# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2494 01.04.2013-ൽ മറുപടിക്ക്**

## കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | എ) കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ പൊതുഘടകങ്ങളായ വെൽ കം പമ്പ് ഹൗസ്, റാ വാട്ടർ പമ്പിംഗ് മെയിൻ, റാ വാട്ടർ പമ്പ് ഹൗസിലെ ട്രാൻസ് ഫോർമർ സ്ഥാപിക്കൽ, പമ്പ് സ്ഥാപിക്കൽ, ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പ് സ്ഥാപിക്കൽ, തുടങ്ങിയവയും കല്ലറ - പാങ്ങോട് വില്ലേജിനു വേണ്ടിയുള്ള സ്വതന്ത്ര ഘടകങ്ങളായ കൊടി തുക്കി ക്കുന്നിലെ ജല സംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിനുകൾ, ജലവിതരണ ശൃംഖലയുടെ ഒരു ഭാഗവും, പനവൂർ - പുല്ലമ്പാറ - വെമ്പായം പഞ്ചായത്തിനു വേണ്ടിയുള്ള പദ്ധതിയുടെ സ്വതന്ത്ര ഘടകങ്ങളായ ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ആലുമുക്ക് ടാങ്കിന്റെ നിർമ്മാണം, ആലുമുക്ക് ടാങ്കിലേയ്ക്കുള്ള പമ്പിംഗ് മെയിൻ, ആലുമുക്ക് ടാങ്കിൽ നിന്നും വെള്ളംകുടി സംപിലേയ്ക്കും, വെള്ളംകുടിയിൽ നിന്നും അരശുംമൂട്, കടുവാക്കുഴി സംപുകളി ലേക്കുള്ള ട്രാൻസ്മിഷൻ മെയിനുകളും, ഇവിടങ്ങളിലെ ടാങ്കുകളും, പനവൂർ, പുല്ലമ്പാറ സോൺ I, സോൺ IV& I(a) യിലെ ജലവിതരണ ശൃംഖലകളും പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ; | (സി) | റാ വാട്ടർ പമ്പ് ഹൗസിലും, ക്ലിയർ വാട്ടർ പമ്പ് ഹൗസിലും വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 2013 ഏപ്രിൽ അവസാനത്തോടു കൂടി പൂർത്തിയാകും |

സെക്ഷൻ ഓഫീസർ